**No. CEE/1155/ B.Des-2021/TA2**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## ബാച്ച്ലർ ഓഫ് ഡിസൈൻ(ബി.ഡിസ്) കോഴ്സിലേക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.

2021-ലെ ബാച്ച്ലർ ഓഫ് ഡിസൈൻ(ബി.ഡിസ്) കോഴ്സിലേക്കുള്ള രണ്ടാം ഘട്ട അലോട്ട്മെന്റ് www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു. ഈ അലോട്ട്മെന്റ് ബാച്ച്ലർ ഓഫ് ഡിസൈൻ (ബി.ഡിസ്) കോഴ്സിലേക്ക് പ്രവേശന പരീക്ഷാ കമ്മീഷണർ നടത്തുന്ന അവസാന അലോട്ട്മെന്റ് ആയിരിക്കും.

**ഈ ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ 17.11.2021 മുതൽ 22.11.2021 വൈകുന്നേരം 4.00 മണിയ്ക്ക് മുമ്പായി അതാത് കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്.** അലോട്ട്മെന്റ് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിൽ ലഭ്യമാണ്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ ഹോം പേജിൽ നിന്ന് ഈ ഘട്ടത്തിലെ അലോട്ട്മെന്റ് മെമ്മോയുടെ പ്രിന്റൗട്ട് നിർബന്ധമായും എടുക്കേണ്ടതാണ്. വിദ്യാർത്ഥിയുടെ പേര്, റോൾ നമ്പർ, അലോട്ട്മെന്റ് ലഭിച്ച കോഴ്സ്, കോളേജ്, അലോട്ട്മെന്റ് ലഭിച്ച കാറ്റഗറി, ഫീസ് സംബന്ധമായ വിവരങ്ങൾ എന്നിവ വിദ്യാർത്ഥിയുടെ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ള അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ഫീസ് ഒടുക്കി പ്രവേശനം നേടേണ്ടതാണ്.

നിശ്ചിത സമയത്തിനുള്ളിൽ ഫീസ് ഒടുക്കി കോളേജുകളിൽ പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റ് റദ്ദാകുന്നതാണ്.

അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾക്ക് അവരുടെ ഹോം പേജിലെ **'Data Sheet'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് ഡാറ്റാ ഷീറ്റ് ഡൗൺലോഡ് ചെയ്തെടുക്കാവുന്നതാണ്. പ്രവേശനം നേടുന്ന സമയത്ത് വിദ്യാർത്ഥികൾ ഈ ഘട്ടത്തിലെ ഡാറ്റാ ഷീറ്റും അലോട്ട്മെന്റ് മെമ്മോയും മറ്റ് ആവശ്യമായ രേഖകളും കോളേജ് അധികാരികൾക്ക് മുന്നിൽ ഹാജരാക്കേണ്ടതാണ്.

**ഹെൽപ്പ് ലൈൻ നം: 0471 2525300**

തിരുവനന്തപുരം
16 .11.2021

പ്രവേശന പരീക്ഷാ കമ്മീഷണർ

